**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ നിയന്ത്രണത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തു കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിങ് പോയിന്റുകളും ഉണ്ട്. 2022 അവസാനത്തോട് കൂടി ഇവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾക്കു ചാർജിങ്ങിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന തുടക്ക കാലത്താണ് ഇ-മൊബിലിറ്റി പ്രചരിപ്പിക്കുക എന്ന ഗവൺമെന്റ് നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ് പോയിൻറുകളും KSEBL സജ്ജീകരിച്ചത്. ചാർജിംഗ് മെഷീനുകൾക്ക് വരുന്ന സാങ്കേതിക പ്രശ്നങ്ങൾ ഉപകരണ നിർമ്മാതാക്കൾ, സോഫ്റ്റ്‌വെയർ പ്രൊവൈഡർമാർ, ചാർജിങ് സ്റ്റേഷൻ ഉപയോക്താക്കൾ തുടങ്ങി ബന്ധപ്പെട്ട എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ KSEBL നടത്തിവരുന്നുണ്ട്. അതിന്റെ ഫലമായി ഭൂരിഭാഗം സ്റ്റേഷനുകളും പ്രവർത്തനക്ഷമമാണ്. എങ്കിലും നമ്മുടെ രാജ്യത്തു അതിവേഗം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന നവീന സാങ്കേതികവിദ്യ ആയതിനാലും സുസ്ഥാപിതമായ പരിശോധനാ സംവിധാനങ്ങൾ ഇല്ലാത്തതിനാലും ചില തകരാറുകൾ പരിഹരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. നിലവിൽ ചില ചാർജ്ജറുകളിൽ ഉപയോഗം കുറവാണെങ്കിലും അവയ്ക്ക് അനുയോജ്യമായി വാഹനങ്ങൾ പുതുതായി വിപണിയിൽ വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ പുതിയ ചില വാഹന മോഡലുകൾക്ക് കൂടുതൽ ശേഷിയുള്ള ചാർജ്ജർ ആവശ്യമായി വരുന്നുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | വാമനപുരം മണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള ചാർജിംഗ് സ്റ്റേഷനുകളിൽ ഓരോന്നിലും നാളിതുവരെ എത്ര വാഹനങ്ങൾ ചാർജ് ചെയ്തിട്ടുണ്ടെന്നും ഓരോ ചാർജിംഗ് സ്റ്റേഷനിൽ നിന്നും ലഭിച്ച വരുമാനം എത്രയാണെന്നും വിശദമാക്കാമോ? | (ബി) | വാമനപുരം മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി ഒൻപതു (9) പോൾ മൗണ്ടഡ് ചാർജിങ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ എത്ര വാഹനങ്ങൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും ഓരോ ചാർജിങ് സ്റ്റേഷനിൽ നിന്നും ലഭിച്ച വരുമാനം എത്രയെന്നുമുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>വാമനപുരം മണ്ഡലത്തിലെ പോൾമൗണ്ടഡ് ചാർജിംഗ് പോയിന്റുകളിൽ നിന്നുള്ള വരുമാനം സംബന്ധിച്ച വിവരങ്ങൾ</u>

| Sl. No | Station | Station ID | No of Charging | Revenue In Rupees |
|---|---|---|---|---|
| 1 | KSEB1 CB 588 Chullimanoor | CB 588 | 45 | 367.5582 |
| 2 | KSEB1 CB 559 Panavoor | CB 559 | 18 | 141.9894 |
| 3 | KSEB1 CB 522 Nanniyode | CB 522 | 111 | 2645.1234 |
| 4 | KSEB1 CB 473 Palode | CB 473 | 83 | 496.0602 |
| 5 | KSEB1 CB 516 Jawahar Colony | CB 516 | 19 | 2.0178 |
| 6 | KSEB1 CB 589 Nellanad | CB 589 | 257 | 2587.032 |
| 7 | KSEB1 CB 506 Nellanad | CB 506 | 134 | 1099.3824 |
| 8 | KSEB1 CB 565 Kallara | CB 565 | 59 | 522.8226 |
| 9 | KSEB1 CB 553 Anad | CB 553 | 50 | 268.0488 |